വിഭാഗത്തിന് കൈമാറുകയും. ക്രൈം 774/CR/HHW III/2012 പ്രകാരം റീ-നമ്പർ ചെയ്ത് കോഴിക്കോട് ക്രൈംബ്രാഞ്ച് HHW III യൂണിറ്റ് DYSP-യുടെ നേതൃത്വത്തിൽ അന്വേഷണം നടത്തിവരുന്നതും നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികളെക്കുറിച്ച് വ്യക്തമായ തെളിവുകൾ ലഭിക്കാത്തതിനാൽ പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുവാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്.

**പട്ടാമ്പി ഫയർ സ്റ്റേഷൻ**

167 (168) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പിയിൽ ഒരു ഫയർസ്റ്റേഷൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) താൽക്കാലികമായി ഫയർസ്റ്റേഷൻ തുടങ്ങുവാൻ പട്ടാമ്പി റ്റി.ബി. വക കെട്ടിടവും സ്ഥലവും പി.ഡബ്ല്യു.ഡി. അനുവദിച്ചതിനാൽ പ്രസ്തുത ഫയർസ്റ്റേഷൻ ഉടൻ ആരംഭിക്കുമോ ?

ഉത്തരം

(എ & ബി) സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമായ സ്ഥലങ്ങളിൽ ഫയർ സ്റ്റേഷനുകൾ ആരംഭിക്കാനാണ് മുൻഗണന നല്കിവരുന്നത്.

**മാഫിയകൾക്കെതിരെ സ്വീകരിച്ച നടപടി**

168 (169) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വളർന്നുവരുന്ന മണൽമാഫിയ, പാറഖനന മാഫിയ, പെൺവാണിഭ മാഫിയ, മനുഷ്യക്കടത്ത്, അന്യസംസ്ഥാനത്തുനിന്നും കുട്ടികളെ കടത്തി നിർബന്ധ തൊഴിൽ ചെയ്യിക്കൽ തുടങ്ങിയവ കൂടിവരുന്നത് പരിശോധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ വന്നശേഷം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഓരോ വർഷവും രജിസ്റ്റർ ചെയ്ത കേസുകളുടെ കണക്ക് ലഭ്യമാക്കുമോ ;

(സി) ഇത്തരം കേസുകളിൽ ഉൾപ്പെടെ എത്രപേരുടെ പേരിൽ ഗുണ്ടാ ആക്ട് പ്രകാരം കേസുകൾ ഓരോ ജില്ലയിലും രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ഡി) ഇത്തരം കേസുകളിൽ ഉൾപ്പെട്ട പോലീസ്, റവന്യൂ മറ്റ് വകുപ്പ് ഉദ്യോഗസ്ഥർ ആരെല്ലാം ; ഏതെല്ലാം കേസുകളിലാണ് ഇവർ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly